No. CEE/1999/MDS-2021/TA4

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

## പത്രക്കുറിപ്പ്
## ബിരുദാനന്തര ബിരുദ ദന്തൽ കോഴ്സുകളിലേക്കുള്ള പ്രവേശനം–2021
## മോപ്അപ് കൗൺസിലിംഗിനായുള്ള ഓൺലൈൻ ഓപ്ഷനുകൾ ക്ഷണിച്ചു

2021–22 വർഷത്തെ ബിരുദാനന്തര ബിരുദ ദന്തൽ (പിജി ദന്തൽ) കോഴ്സ് പ്രവേശനത്തിനായി സർക്കാർ ദന്തൽ കോളേജുകളിലും സ്വാശ്രയ ദന്തൽ കോളേജുകളിലും ആദ്യ രണ്ടുഘട്ട അലോട്ട്മെന്റിനു ശേഷം നിലവിലുള്ള ഒഴിവുകളിലേക്കായി പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികളിൽ നിന്നും പുതുതായി ഓപ്ഷനുകൾ ക്ഷണിക്കുന്നു. മോപ്അപ് കൗൺസിലിംഗിനായി യോഗ്യരായ വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന **02.11.2021 മുതൽ 04.11.2021 രാവിലെ 10.00 മണി വരെ** ഓൺലൈനായി ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്. 2021 വർഷത്തെ പി.ജി. ദന്തൽ കോഴ്സ് പ്രോസ്പെക്ടസിലെ ക്ലോസ് 18.1, 19 എന്നീ വ്യവസ്ഥകൾ പ്രകാരമായിരിക്കും മോപ്അപ് കൗൺസിലിംഗ് നടത്തുന്നത്. അഖിലേന്ത്യാ അലോട്ട്മെന്റിലൂടെ നിലവിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മോപ്അപ് കൗൺസിലിംഗിൽ പങ്കെടുക്കാൻ അവസരം ഉണ്ടായിരിക്കുന്നതല്ല. 04.11.2021 രാവിലെ 10.00 മണി വരെ ലഭിക്കുന്ന ഓപ്ഷനുകൾക്കനുസരിച്ച് 04.11.2021 വൈകുന്നേരം മോപ്അപ് അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്. മോപ്അപ് കൗൺസിലിംഗ് സംബന്ധിച്ച കുടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റിലെ വിശദമായ വിജ്ഞാപനം കാണുക.

ഹെൽപ് ലൈൻ നം. 0471 2525300

തിരുവനന്തപുരം
01.11.2021

**പ്രവേശന പരീക്ഷാ കമ്മീഷണർ**